**<u>കേരള സർക്കാർ</u>**

**സംഗ്രഹം**

വനം വകുപ്പ് തടി ലേലം - ട്രഷറിയിൽ പണം അടയ്ക്കുന്നതിനുള്ള പുതിയ ക്രമീകരണം - ഉതതരവു പുറപ്പെടുവിക്കുന്നു.

---

വനം, വന്യജീവി (ഡി) വകുപ്പ്

സർക്കാർ ഉത്തരവ് (സാധാരണ) നം. 352/95/വനം, തീയതി, തിരുവനന്തപുരം, 16..9..1995

---

പരാമർശം .- ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 20..6..95 ലെ എഫ് യു.(3) 24043/95 നംപർ കത്ത്
.

**<u>ഉത്തരവ്</u>**

സംസ്ഥാനത്തെ ടിംബർ സെയിൽസ് ഡിവിഷനുകളിൽ നടക്കുന്ന തടി ലേലത്തിൽ പങ്കെടുക്കുന്നവർ ലേല ദിവസം അടയ്ക്കുന്നതു കഴിച്ചുള്ള തുക സംസ്ഥാനത്തിനുള്ളിലോ പുറത്തോ അടയ്ക്കുന്ന രീതിയാണ് നിലവിലുള്ളത്. ഇങ്ങിനെ അടയ്ക്കുന്ന തുകയുടെ ചല്ലാൻ രസീത് ഹാജരാക്കിയാൽ പരിശോധന തടയുന്നതിനുള്ള ട്രഷറി കോപ്പി ലഭിക്കുനനതിന് കൂടുതൽ സമയം വേണ്ടി വരുന്നുണ്ട്. ഇതുമൂലമുള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിലേയ്ക്ക് ലേലം നടക്കുന്ന ഡിപ്പോകൾക്ക് അടുത്തുതന്നെയുള്ള ട്രഷറികളിൽ പണം അടയ്ക്കുന്ന തിനുള്ള തീരുമാനം എടുക്കണമെന്ന് പരാമർശത്തിലെ കത്തിൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ആവശ്യപ്പെട്ടിരിക്കുന്നു. അതുപ്രകാരം പണം അടയ്ക്കേണ്ട ട്രഷറികളുടെ പട്ടികയും അദ്ദേഹം ഹാജരാക്കിയിട്ടുണ്ട്

2. ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ നിർദ്ദേശം സർക്കാർ വിശദമായി പരിശോധിച്ച്. തടി ലേലത്തിൽ പങ്കെടുക്കുന്നവർ ലേലദിവസം അടയ്ക്കുന്നതു കഴിച്ച് ബാക്കി തുക അതതു ഡിപ്പോകൾക്ക് സമീപമുള്ള ട്രഷറികളിൽ (ട്രഷറി/ബാങ്കുകളുടെ പേരു വിവരം അനുബന്ധമായി കൊടുത്തിട്ടുണ്ടു്) അടയ്ക്കുന്നതിന് അനുവദജിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണറുടെ ഉത്തരവിൻ പ്രകാരം,**

**വി.ജി. ഇന്ദിരാഭായി അ മ്മ**
**അണ്ടർ സെക്രട്ടറി.**

**ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, സംരക്ഷണം)**
**തിരുവനന്തപുരം.**

**ഉത്തരവിൻപ്രകാരം.**

**(ഒപ്പ്)**

<u>മേലേഴുത്ത് നംപർ എഫ് യു. (3) - 23043/95 തീയതി, 28.9.1995 ,</u>

പകർപ്പ് 1. (അനുബന്ധം സഹിത്യം) ചിഫ് ഫോറസ്റ്റ് കൺസർവേറ്റർ (വികസനം), ഫോറസ്റ്റ് കൺസർവേറ്റർ (വിജിലൻസ്)/ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വന്യജീവി വിഭാഗം /ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സാമൂഹ്യ വനവൽക്കരണം) ലോക ഭക്ഷ്യ വകുപ്പിനു അയയ്ക്കുന്നു.

പകർപ്പ് 2. ഫോറസ്റ്റ് കൺസർവേറ്റർ, കൊല്ലം, /കോട്ടയം,/തൃശ്ശൂർ/പാലക്കാട് (ഒലവക്കോട്)/കോഴിക്കോട്/സാമൂഹ്യവനവൽക്കരണം, കൊല്ലം/കോഴിക്കോട്/ഫീൽഡ് ഡയറക്ടർ, പ്രോജക്ട് ടൈഗർ, കോട്ടയം/വർക്കിംഗ് പ്ളാൻ ആന്റ് റിസർച്ച് സർക്കിൾ, തിരുവനന്തപുരം, എന്നിവർക്ക് അടിയന്തിര നടപടികൾക്കായി അയയ്ക്കുന്നു.

പകരപ്പ്. – 3 ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ , ടിംബർ സെയിൽസ് ഡിവിഷൻ , തിരുവനന്തപുരം/പുലനൂർ/പെരുമ്പാവൂർ/കോഴിക്കോട് – ന് അയയ്ക്കുന്നു

പകർപ്പ് . 4 എല്ലാ ഡി. എഫ്. ഒ/ വൈൽഡ് ലൈഫ് വാർഡൻമാർക്കും അയയ്ക്കുന്നു. അനുബന്ധത്തിൽ നിർദ്ദേശിക്കുന്ന ബാങ്ക്/ട്രഷറികളിൽ പണം അടയ്ക്കുവാൻ വേണ്ട നിർദ്ദേശം ബന്ധപ്പെട്ട റെയിഞ്ച് ആഫീസർ മാർക്കും /അസ്സി.വൈൽഡ് ലൈഫ് വാർഡൻമാർക്കും ഉടൻ പ്രാബല്യത്തിൽ വരത്തക്കവിധം നൽകേണ്ടതാണ്.

പകർപ്പ് .–5. എല്ലാ ഡിപ്പോ ആഫീസർമാർക്കും /റെയിഞ്ച് ആഫീസർമാർക്കും /അസ്സി. വൈൽഡ് ലൈഫ് വാർഡൻമാർക്കും അടിയന്തിര നടപടികൾക്കായി അയയ്ക്കു.ന്നു.

പകർപ്പ്.– എല്ലാ ബ്രാഞ്ച് ആഫീസർമാർക്കും അയയ്ക്കുന്നു.

പകർപ്പ്. സെക്ഷനുകൾ – എ.ബി. സി.ജി.പി. എഫ് യു (1).

എഫ്യു (2).

ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സം)ക്കുവേണ്ടി,

കെ.വി/28.9

അനുബന്ധം

| ഡിവിഷന്റെ/ഡിപ്പോയുടെ പേര് | പണമടയ്ക്കേണ്ട ട്രഷറിയുടെ പേര് | ഡി.ഡി എടുക്കേണ്ട ബാങ്കിന്റെ പേര് |
|---|---|---|
| 1. തിരുവനന്തപുരം ടെറിട്ടോറിയൽ ഡിവിഷനിലെ റെയിഞ്ചുകൾ കുളത്തൂപുഴ സെയിൽസ് ഡിപ്പോ | സബ്ട്രഷറി വെള്ളയമ്പലം | എസ്.ബി.റ്റി വെള്ളയമ്പലം |
| 2.പുനലൂർ ഡിവിഷനിലെ റെയിഞ്ചുകൾ , തെന്മല,ഡിപ്പോ,ആര്യങ്കാവ്, ഡിപ്പോ, അച്ചൻകോവിൽഡിപ്പോ, കടപ്പുംപാറ ഡിപ്പോ,കടയ്ക്കാമൺ ഡിപ്പോ | പുനലൂർ - സബ്ട്രഷറി | എസ് ബി റ്റി പുനലൂർ |
| 3.കോന്നി ഡിവിഷനുകളിലെ റെയിഞ്ചുകൾ പത്തനാപുരം ഡിപ്പോ ക്ളോസി ഡിപ്പോ അരീക്കാവു ഡിപ്പോ, അങ്ങാമൂഴി ഡിപ്പോ | ഡിസ്ട്രിക്ട് ട്രഷറി പത്തനംതിട്ട | എസ് ബി ്റി പത്തനംതിട്ട |
| 4.വീയപുരം, ഡിപ്പോ | സബ്ട്രഷറി ഹരിപ്പാട | എസ് ബി റ്റി ഹരിപ്പാട് |
| 5. റാന്നി ഡിവിഷനുകളിലെ റെയിഞ്ചുകൾ | സബ്ട്രഷറി റാന്നി | എസ് ബി റ്റി റാന്നി |
| 6.കോട്ടയം ഡിവിഷനിലെ റെയിഞ്ചുകൾ പാറാംപുഴ ഡിപ്പോ,തേക്കടി വൈൽഡ് ലൈഫ് ഡിവിഷൻ | ഡിസ്ട്രിക്ട് ട്രഷറി കോട്ടയം. | എസ് ബി റ്റി കോട്ടയം. |
| 7. കോതമംഗലംഡിവഷനിലെ റെയിഞ്ചുകൾ കോതമംഗലം ഡിപ്പോ തലക്കോടു ഡിപ്പോ | സബ്ട്രഷറി കോതമംഗലം. | എസ് ബി റ്റി കോതമംഗലം |
| 8. വെട്ടിക്കാട് ഡിപ്പോ, വിട്ടൂർ ഡിപ്പോ. | സബ്ട്രഷറി മൂവാറ്റുപു | എസ് ബി റ്റി മൂവാറ്റുപുഴ |
| 9. മൂന്നാർ ഡിവിഷനിലെ റെയിഞ്ചുകൾ മാങ്കുളം സ്പെഷ്യൽ ഡിവിഷൻ | സബ്ട്രഷറി ദേവികുളം | എസ് ബി റ്റി. മൂന്നാർ |
| 10. മലയാറ്റൂർ ഡിവിഷനിലെ റെയിഞ്ചുകൾ മൂടിക്കൽ ഡിപ്പോ. | സബ്ട്രഷറി പെരുംബൂവൂർ | എസ്. ബി റ്റി പെരുംബൂവുറ്റർ |
| 11. ചാലക്കുടി ഡിവിഷനിലെ റെയിഞ്ചുകൾ, വാ**ഴച്ചൽ , ചെട്ടിക്കുളം,ഡിപ്പോ, ചാലക്കുടി ഡിപ്പോ** | സബ്ട്രഷറി ചാലക്കുടി. | എസ് ബി റ്റി ചാലക്കുടി |
| 12. തൃശ്ശൂർ ഡിവിഷനിലെ റെയിഞ്ചുകൾ | ഡിസ്ട്രക്ട് ട്രഷറി തൃശ്ശൂർ | എസ്. ബി ററി ട്രഷറി |
| 13. പാലക്കാട്, നെമ്മാറ, പറമ്പിക്കുളം മണ്ണാർക്കാട്, ഡിവിഷനിലെ റെയിഞ്ചുകൾ | ഡിസ്ട്രിക്ട് ട്രഷറി പാലക്കാട് | എസ് ബി ഐ പാലക്കാട് |
| 14. നിലംപൂർ (നോർത്ത് ) നിലംപൂർ (സൗത്ത)ഡിവിഷനിലെ റെയിഞ്ചുകൾ,നെടുങ്കയം ഡിപ്പോ അരുവക്കോടു ഡിപ്പോ | സബ്ട്രഷറി നിലംപൂർ | എസ് ബി റ്റി നിലംപൂർ |

| | | |
|---|---|---|
| 15. കോഴിക്കോടു ഡിവിഷനിലെ റെയിഞ്ചുകൾ,ചാലിയം ഡിപ്പോ | ഡിസ്ട്രിക്ട് ട്രഷറി കോഴിക്കോട് | എസ് ബി റ്റി കോഴിക്കോട് |
| 16. വയനാട് വൈൽഡ് ലൈഫ് ഡിവിഷൻ സൗത്ത് വയനാട് ഡിവിഷനിലെ റെയിഞ്ചുകൾ,കുപ്പടി ഡിപ്പോ | സബ്ട്രഷറി സുൽത്താൻ ബത്തേരി | എസ്. ബി.റ്റി സുൽത്താൻ ബത്തേരി |
| 17.നോർത്ത് വയനാട് ഡിവിഷനിലെ റെയിഞ്ചുകൾ കണ്ണവം ഡിപ്പോ, ബാവലി ഡിപ്പോ | സബ്ട്രഷറി മാനന്തവാടി | എസ്.ബി.റ്റി മാനന്തവാടി |
| 18. കണ്ണൂർ ഡിവിഷനിലെ റെയിഞ്ചുകൾ | സബ്ട്രഷറി, കണ്ണൂർ | എസ് ബി റ്റി കണ്ണൂർ. |

(ഒപ്പ്)

സെക്ക്ഷൻ ഓഫീസർ,

കെ.വി/28.9

/പകർപ്പ്/